# <u>പ്രധാനാദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്</u>
## <u>വളരെ അടിയന്തിരം</u>

1. തൃശൂർ വിദ്യാഭ്യാസ ജില്ലയിലെ "മികവുൽസവം" നാളെ 24-06-2017 ശനി യാഴ്ച രാവിലെ 9.30 ന് ഹോളി ഫാമിലി ഹയർ സെക്കന്ററി സ്കൂളിൽ ആരംഭിക്കുന്നതാണ്.
   അർഹരായ കുട്ടികളും പ്രധാനാദ്ധ്യാപകരും, അധ്യാപകരും കൃത്യസമ യത്ത് തന്നെ എത്തേണ്ടതാണ്.
   റെഡ്ക്രോസ് അവാർഡിനായി റെഡ്ക്രോസ് ജില്ലാ കമ്മിറ്റി നൽകിയിട്ടുള്ള 51 കുട്ടികളുടെ പേരുമാത്രമേ അംഗീകരിച്ചിട്ടുള്ളൂ. വിദ്യാലയങ്ങളിൽ നിന്ന് അയച്ചിട്ടുള്ള റെഡ്ക്രോസിലെ എല്ലാ കുട്ടികളുടെയും പേരുകൾ ജില്ലാ കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ഇക്കാര്യം പ്രധാനാദ്ധ്യാപകർ ശ്രദ്ധിക്കുക. അർഹരായ റെഡ്ക്രോസ് കുട്ടികളെ മാത്രമെ അവാർഡിനായി അയ ക്കുവാൻ പാടുള്ളൂ (അർഹരായ കുട്ടികളുടെ പേരു വിവരം DEO സൈറ്റിൽ ലഭ്യമാണ്).

2. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ വിദ്യാല യങ്ങളും മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. <u>മാസ്റ്റർ പ്ലാൻ തയ്യാറാക്കി കൊടുത്ത വിദ്യാലയങ്ങളെ മാത്രമെ സർക്കാർ ഇനി മുതൽ വികസന കാര്യങ്ങളിൽ പരിഗണിക്കുകയുള്ളൂ എന്നറിയിച്ചതിനാൽ വളരെ പ്രധാന്യ മുള്ള കാര്യമാണിത്.</u> മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ AEO തലത്തിൽ 24-06-2017 ശനിയാഴ്ച 2 മണിക്ക് പരിശീലനം നൽകുന്നു. പരിശീലന ത്തിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററും മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കഴിവു ള്ള മറ്റൊരു അധ്യാപകനും പങ്കെടുക്കേണ്ടതാണ്.

   പരിശീലന സ്ഥലങ്ങൾ താഴെ കൊടുക്കുന്നു:-

| <u>ഉപജില്ലയുടെ പേര്</u> | | <u>പരിശീലനം നൽകുന്ന സ്ഥലം</u> |
|---|---|---|
| തൃശൂർ ഈസ്റ്റ് | - | IT @ സ്കൂൾ (തൃശൂർ ബോയ്സ് ഹൈസ്കൂൾ കോമ്പൗണ്ട്) |
| തൃശൂർ വെസ്റ്റ് | - | ജി.യു.പി.എസ്. ഒളരിക്കര |
| ചേർപ്പ് | - | AEO കോൺഫറൻസ് ഹാൾ |

23/6/2017

ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശ്ശൂർ

To '

എല്ലാ പ്രധാനാദ്ധ്യാപകർക്കും

Scanned by CamScanner